LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള വിപണിയിലേയ്ക്ക് സെക്കന്റ്സ് മദ്യം വ്യാപകമായി എത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്ര ഭരണ പ്രദേശമായ മാഹി, അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, ഗോവ തുടങ്ങിയ സ്ഥലങ്ങളിൽമാത്രം വിൽക്കപ്പെടുവാനുള്ള ഇൻഡ്യൻ നിർമ്മിത വിദേശമദ്യം കേരളത്തിലേയ്ക്ക് കടത്തുന്നത് കണ്ടുപിടിച്ച് അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. ഇത്തരത്തിൽ പിടിക്കപ്പെടുന്ന മദ്യത്തിന്റെ കൃത്യമായ വില കണക്കാക്കിയിട്ടില്ല.

(ബി) കർണ്ണാടക, ഗോവ എന്നീ സംസ്ഥാനങ്ങളിൽനിന്നും കേന്ദ്രഭരണ പ്രദേശമായ മാഹിയിൽനിന്നുമാണ് ആ സ്ഥലങ്ങളിൽമാത്രം വിൽക്കാൻ കഴിയുന്ന മദ്യം കേരളത്തിലേയ്ക്ക് കടത്തുന്നത്.

(സി) കേന്ദ്രഭരണ പ്രദേശമായ മാഹിയിൽനിന്നും കടത്തുന്ന മദ്യം പിടിച്ചെടുക്കുവാൻ എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാഹിയിൽനിന്നും കേരളത്തിലേയ്ക്ക് പ്രവേശിക്കുന്ന സ്ഥലങ്ങളിലെ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധനകൾ നടത്തി മദ്യക്കടത്ത് തടയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മാഹിയിൽനിന്നും കേരളത്തിലേയ്ക്ക് ചെക്ക്പോസ്റ്റുകളിലൂടെ കടന്നുവരുന്ന വാഹനങ്ങൾ കൃത്യമായി പരിശോധിച്ചുവരുന്നു. മദ്യം ടെയിനുകളിൽ കടത്തിക്കൊണ്ട് വരുന്നതിന് സാധ്യതയുള്ളതിനാൽ റെയിൽവേ സ്റ്റേഷനുകളിലും നിരീക്ഷണം നടത്തിവരുന്നു.

ലൈസൻസുള്ള ബാറുകൾ

107 (111) ശ്രീമതി കെ. കെ. ലതിക : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ ലൈസൻസ് നൽകിയിട്ടുള്ള എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ട് ; ഫൈവ് സ്റ്റാർ, ഫോർ സ്റ്റാർ, ത്രീ സ്റ്റാർ ബാറുകളുടെ ജില്ല തിരിച്ചുള്ള എണ്ണം വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ലൈസൻസുള്ള ബാറുകൾ മൊത്തം എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 26 ഫൈവ് സ്റ്റാർ ഹോട്ടലുകൾ ബാർ ലൈസൻസോടുകൂടി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് ഫോർ സ്റ്റാർ, ത്രീ സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നില്ല. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം	-	6
കൊല്ലം	-	2
ആലപ്പുഴ	-	1
കോട്ടയം	-	2
ഇടുക്കി	-	1
എറണാകുളം	-	11
മലപ്പുറം	-	1
കോഴിക്കോട്	-	1
കാസർഗോഡ്	-	1

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 680 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് ഉണ്ടായിരുന്നു.

ലഹരിമരുന്ന് ഉപയോഗവും വിൽപ്പനയും

108 (112) ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഞാറക്കൽ എക്സൈസ് ഓഫീസിന്റെ പരിധിയിൽനിന്നും കഴിഞ്ഞ ആറ് മാസക്കാലയളവിൽ ലഹരിമരുന്ന് ഉപയോഗവും വിൽപ്പനയും സംബന്ധിച്ച് എത്ര കേസ്സുകൾ ഏതൊക്കെ വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരം കേസ്സുകളിൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാമോ ;

(സി) യുവാൾക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം, വിൽപ്പന എന്നിവക്കെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഞാറക്കൽ എക്സൈസ് ഓഫീസിന്റെ പരിധിയിൽനിന്നും കഴിഞ്ഞ ആറ് മാസക്കാലയളവിൽ 4 കേസ്സുകൾ NDPS നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. NDPS-CR 30/2014,U/s 8(C), 22(C) & 25 of NDPS ACT
2. NDPS-CR 02/2015,U/s 20(b), (i) A of NDPS ACT
3. NDPS-CR 03/2015,U/s 20(b), (ii) A & 25 of NDPS ACT
4. NDPS-CR 04/2015,U/s 22(b) of NDPS ACT